"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് - ശ്രീമതി. സുജ. ഇ. എൻ, സീനിയർ സൂപ്രണ്ട്- അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

G.O.(Rt)No.2326/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.894/2019/തസ്വഭവ തീയതി 26.04.2019
2. സ.ഉ.(സാധാ)നം.1598/2022/തസ്വഭവ തീയതി 05.07.2022
3. സ.ഉ.(കൈ)നം.2587/2024/തസ്വഭവ തീയതി 31.12.2024
4. സ.ഉ.(സാധാ)നം.345/2025/തസ്വഭവ തീയതി 04.02.2025
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2025 ലെ എൽഎസ്ജിഡി/പിഡി/19497/2025-ഡിഇഎ-6 നമ്പർ കത്ത്
6. സ.ഉ.(സാധാ)നം.1860/2025-തസ്വഭവ തീയതി 28.07.2025
7. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.08.2025 ലെ എ1/336/2020/പിഎംയു എൽഎസ്ജിഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം(1) പ്രകാരം രൂപീകൃതമായ റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ പരാമർശം(2) പ്രകാരം ശ്രീമതി. സുജ. ഇ. എൻ നെ സീനിയർ സൂപ്രണ്ട് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

പരാമർശം(3) ലെ ഉത്തരവ് പ്രകാരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നതിനാൽ ടിയാളുടെ സേവന കാലാവധിയും പ്രസ്തുത കാലയളവ് വരെ അനുവദിച്ചുകൊണ്ട് പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം(6) പ്രകാരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനം, ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കീഴിൽ നിലനിർത്തിയിട്ടുള്ളതാണ്. ആയതു പ്രകാരം നിലനിർത്തിയിട്ടുള്ള സീനിയർ സൂപ്രണ്ട് തസ്തികയിൽ ശ്രീമതി. സുജ. ഇ. എൻ നെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന(5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശയും സൂചന(6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്..

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ട്, ശ്രീമതി. സുജ. ഇ. എൻ- ന്റെ അന്യത്രസേവന കാലാവധി 01.07.2025 മുതൽ ഒരു വർഷത്തേക്ക് കൂടിയോ അല്ലെങ്കിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനാനുമതി അവസാനിക്കുന്നത് വരെ ഏതാണോ ആദ്യം വരുന്നത് അതുവരെ അന്യത്ര സേവനവുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
UNDER SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 24-09-2025 15:43:39
സെക്ഷൻ ഓഫീസർ

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ശ്രീമതി. സുജ. ഇ. എൻ, സീനിയർ സൂപ്രണ്ട്, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി